**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3393** **26-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡ് അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ വകുപ്പിന് കീഴിലെ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സഹായങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ക്ഷേമനിധി ബോർഡുകൾ തിരിച്ച് ലഭ്യമാക്കുമോ? | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### I.കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ മക്കളിൽ, സർക്കാർ/ അർദ്ധ സർക്കാർ സ്കൂളുകളിൽ നിന്നും എസ്.എസ്. എൽ.സി/ ടി.എച്ച്.എസ്.എൽ.സി/ പ്ലസ് ടു/ വി.എച്ച്. എസ്.ഇ പരീക്ഷയിൽ ഉന്നത വിജയം നേടിയ നിശ്ചിത എണ്ണം കുട്ടികൾക്ക്, നിശ്ചിത നിരക്കിൽ ജില്ലാ അടിസ്ഥാനത്തിൽ ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡപ്രകാരം 2,500–3,500/– രൂപ വരെ വിദ്യാഭ്യാസ ധനസഹായമായി നൽകുന്നു. ഉന്നതവിദ്യാഭ്യാസ ധനസഹായമിനത്തിൽ ഡിഗ്രി/ പ്രൊഫഷണൽ ഡിഗ്രി/ പി.ജി./ പ്രൊഫഷണൽ പി.ജി./ ഐ.ടി.ഐ./ ടി.ടി.സി/ പോളിടെക്നിക്/ ബി.എഡ്/ പാരാമെഡിക്കൽ കോഴ്സുകളിൽ ഉന്നത വിജയം നേടിയ നിശ്ചിത എണ്ണം കുട്ടികൾക്ക്, നിശ്ചിത നിരക്കിൽ ജില്ലാ അടിസ്ഥാനത്തിൽ ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡപ്രകാരം 4,000–10,000/– രൂപ വരെ ഉന്നതവിദ്യാഭ്യാസ ധനസഹായമായി നൽകുന്നു.

### II.കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ചുവടെ ചേർക്കും പ്രകാരമുള്ള വിദ്യാഭ്യാസ സഹായങ്ങളും ആനുകൂല്യങ്ങളും

നൽകി വരുന്നു.

<u>വിദ്യാഭ്യാസാനുകൂല്യം</u>

ഒരു വർഷം അംശദായം അടച്ച് അംഗത്വം പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്ക് ഹയർ സെക്കൻഡറി മുതൽ പഠന കാലയളവിൽ തന്നെ ധനസഹായം നൽകുന്നു.

| ക്രമ നം | സ്കോളർഷിപ്പ് | തുക | കോഴ്സ് ദൈർഘ്യം | ആകെ തുക |
|---|---|---|---|---|
| 1 | അണ്ടർ ഗ്രാജ്വേറ്റ് : നോൺ പ്രൊഫഷണൽ കോഴ്സുകൾ | 1000/- | 2 | 2000/- |
| 2 | ഡിഗ്രി നോൺ പ്രൊഫഷണൽ കോഴ്സുകൾ | 1500/- | 3 | 4500/- |
| 3 | പോസ്റ്റ് ഗ്രാജ്വേറ്റ് : നോൺ പ്രൊഫഷണൽ കോഴ്സുകൾ | 2000/- | 2 | 4000/- |
| 4 | അണ്ടർ ഗ്രാജ്വേറ്റ് : പ്രൊഫഷണൽ കോഴ്സുകൾ | 1250/- | 2 | 2500/- |
| 5 | പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾ | 1250/- | 3 | 3750/- |
| 6 | പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ | 1500/- | 2/3/4 | 3000/- 4500/- 6000/- |
| | | 2500/- | 3/4/5 | 7500/- 10000/- 12500/- |
| 7 | പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ | 3000/- | 2 | 6000/- |
| | | 3500/- | 2 | 7000/- |

ക്യാഷ് അവാർഡ്

1. എസ്.എസ്.എൽ.സി, പ്ലസ് ടു, സ്റ്റേറ്റ് സിലബസിൽ എല്ലാ വിഷയത്തിനും $A^+$ഉം, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും 90%–ന് മുകളിൽ മാർക്ക് നേടിയ ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക് (3000/– രൂപ)
2. ബിരുദ/ബിരുദാനന്തര (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള) കോഴ്സുകളിൽ 60% മാർക്കിൽ കുറയാത്ത വിജയികളായ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് (ബിരുദം– 5000/–, ബിരുദാനന്തരം – 7500/– രൂപ)
3. സ്പോർട്സ് കൗൺസിൽ അംഗീകരിച്ച കായിക ഇനങ്ങളിൽ ദേശീയതലത്തിലും സംസ്ഥാനതല കലോൽസവങ്ങളിലും സർവ്വകലാശാല തലത്തിലും ഒന്നാം സ്ഥാനം നേടിയ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് (3000/– രൂപ)
4. കലാ–കായിക സാംസ്കാരിക രംഗത്ത് പ്രാഗൽഭ്യം തെളിയിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് (3000/– രൂപ) ധനസഹായം നൽകി വരുന്നു.

## III.കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അംഗങ്ങളായ തൊഴിലാളികളുടെ എട്ടാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന കുട്ടികൾക്കായി എല്ലാ അദ്ധ്യയന വർഷവും 500/– രൂപ മുതൽ 7500/– രൂപ വരെ സ്കോളർഷിപ്പായി വിതരണം ചെയ്തുവരുന്നു. സംസ്ഥാന–ദേശീയതലത്തിൽ കലാ–കായിക–അക്കാദമിക് രംഗങ്ങളിൽ മികവ് പുലർത്തുന്നവർക്കായി സ്പെഷ്യൽ

റിവാർഡുകളും നല്കിവരുന്നു. കൂടാതെ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് സർക്കാർ അംഗീകാരത്തിന് വിധേയമായി പഠനകിറ്റുകളും, പ്രൊഫഷണൽ കോഴ്സിന് പൊതുപ്രവേശന പരീക്ഷയിലൂടെ മെറിറ്റിൽ പ്രവേശനം ലഭിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ അനുമതിയോടെ ലാപ്ടോപുകളും വിതരണം ചെയ്തുവരുന്നു.

## IV.കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

| ക്രമ നം. | ആനുകൂല്യത്തിന്റെ പേര് | നിലവിലുള്ള നിരക്ക് |
|---|---|---|
| 1 | എസ്.എസ്.എൽ.സി പഠന സഹായം | 1000/-രൂപ |
| 2 | ക്യാഷ് അവാർഡ് | എസ്.എസ്.എൽ.സി-ക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഒരു ലക്ഷത്തിൽ കുറവ് അംഗങ്ങൾ ഉള്ള ജില്ലകളിൽ 7 ആൺകുട്ടികൾ, 7 പെൺകുട്ടികൾ എന്ന ക്രമത്തിലും രണ്ട് ലക്ഷത്തിൽ കുറവ് അംഗങ്ങൾ ഉള്ള ജില്ലകളിൽ 10 ആൺകുട്ടികൾ,10 പെൺകുട്ടികൾ എന്ന ക്രമത്തിലും രണ്ട് ലക്ഷത്തിൽ കൂടുതൽ അംഗങ്ങൾ ഉള്ള ജില്ലകളിൽ 12 ആൺകുട്ടികൾ, 12 പെൺകുട്ടികൾ എന്ന ക്രമത്തിലും 3,000/- രൂപ വീതവും നൽകി വരുന്നു. |

| | | |
|---|---|---|
| 3 | ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം | ബോർഡ് നൽകി വരുന്ന വിവിധ സ്കോളർഷിപ്പ് ആനുകൂല്യങ്ങളിൽ എസ്.എസ്.എൽ.സി കഴിഞ്ഞുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് 1,000/-രൂപയും, ഡിപ്ലോമ കോഴ്സുകൾക്ക് 1,250/- രൂപയും, ഡിഗ്രി കോഴ്സുകൾക്ക് 1,250/-രൂപയും പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് 1,500/-രൂപയും, ജനറൽ നഴ്സിംഗ് കോഴ്സിന് 1,500/- രൂപയും, ബി.എസ്.സി നഴ്സിംഗ് കോഴ്സിന് 2,000/- രൂപയും, പാരാമെഡിക്കൽ കോഴ്സുകൾക്ക് 2,000/- രൂപയും, പ്രൊഫഷണൽ കോഴ്സുകൾക്ക് 3,000/-രൂപയും നൽകി വരുന്നു. |
| 4 | മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ധനസഹായം | 3 വർഷം സർവ്വീസ് പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ / എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷാ കോച്ചിംഗിനായി 5,000/- രൂപ ധനസഹായം ലഭിക്കും. |

## V.കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിവരുന്ന വിദ്യാഭ്യാസ സഹായങ്ങളുടെയും മറ്റ് ആനുകൂല്യങ്ങളുടെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1. ഉന്നതവിദ്യാഭ്യാസഗ്രാന്റ്പദ്ധതി

ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മിടുക്കരായ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സഹായം നൽകുന്ന ഒരു പദ്ധതി. ഈ പദ്ധതി പ്രകാരം പ്ലസ് വൺ/പ്ലസ് ടു, ബിരുദ, ബിരുദാനന്തര കോഴ്സുകൾ പ്രൊഫഷണൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ, പോളിടെക്നിക് ഡിപ്ലോമ കോഴ്സ്, റ്റിറ്റിസി, എം.സി.എ /എം.ബി.എ/ പി.ജി.ഡി.സി.എ, പാരാമെഡിക്കൽ കോഴ്സ്, എഞ്ചിനിയറിംഗ് (എൽ.ഇ) ഡിപ്ലോമ നഴ്സിംഗ് കോഴ്സ്, ബി.ബി.എം, ബി.സി.എ, ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് സി.എ. ഇന്റർമീഡിയേറ്റ്, എച്ച്.ഡി.സി, ബി.എൽ.ഐ.എസ്.സി എന്നീ കോഴ്സുകൾക്ക് 800/- രൂപ മുതൽ 3600/- രൂപ വരെ വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കുന്നു.

| കോഴ്സുകളുടെ പേര് | ഗ്രാന്റുകളുടെ എണ്ണം | തുക |
|---|---|---|
| 1. Higher secondary Courses | 750 | 800 |
| 2. B.A/BSc/B.com | 300 | 1200 |
| 3. BBA | 15 | 1200 |
| 4. M.A,M.Com.MSW | 25 | 1500 |
| 5. B.Ed | 30 | 1500 |
| 6. M.Sc | 30 | 1500 |
| 7. Engineering | 100 | 3000 |

| | | |
|---|---|---|
| 8. M.B.B.S/B.D.S | 20 | 3000 |
| 9. Ayurveda/Agri/Veterinary/ Homeo,B.Pharm/Fisheries etc | 20 | 2400 |
| 10. LLB (3 Years 5 Yr Course) | 10 | 2000/1500 |
| 11. B.Sc Nursing | 50 | 2000 |
| 12. Prof.P.G | 15 | 3600 |
| 13. Polytechnic | 60 | 1200 |
| 14. T.T.C | 15 | 1200 |
| 15. Paramedical Course | 25 | 1200 |
| 16. Diploma Nursing | 15 | 1200 |
| 17. MCA/MBA/PGDCA | 15 | 1500 |
| 18. Engineering Lateral Entry | 10 | 3000 |
| 19. BBM | 10 | 1200 |
| 20. BCA | 30 | 1200 |
| 21. Diploma in Hotel Management | 10 | 1200 |
| 22. CA Intermediate | 10 | 1200 |
| 23. HDC | 10 | 1500 |
| 24. B.Li.Sc | 10 | 1500 |

2. <u>ക്യാഷ് അവാർഡ് പദ്ധതി ( SSLC, CBSE,ICSE,ISE )</u>

ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും 25 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ക്യാഷ് അവാർഡുകൾ നൽകുന്നു. 1000/- രൂപയുടെയും 600/- രൂപയുടേയും അവാർഡുകൾ മാർക്കിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നു.

3. <u>കമ്പ്യൂട്ടർകോഴ്സ് പരിശീലന പദ്ധതി</u>

ബോർഡ് വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് വിവിധ കമ്പ്യൂട്ടർ കോഴ്സുകളിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഈ

പദ്ധതിപ്രകാരം എൽ.ബി.എസ് സെന്ററിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിൽ 50 പേർക്കു വീതം പി.ജി.ഡി.സി.എ കോഴ്സിന് മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നു. ടി കോഴ്സുകൾക്ക് 5000/- രൂപയ്ക്ക് താഴെ വരുമാനമുള്ള തൊഴിലാളികളുടെ മക്കൾക്ക് 75%-ഉം, 5000/- രൂപയ്ക്ക് മുകളിൽ വരുമാനമുള്ളവർക്ക് 50% ഉം ഫീസാനുകൂല്യം നൽകുന്നു. എസ്.സി/എസ്.ടി വിഭാഗത്തിന് 100% ഫീസാനുകൂല്യവും നൽകുന്നു.

| ക്രമ നം | ട്രെയിനിംഗ് സെന്റർ | ജില്ല | സീറ്റുകളുടെ എണ്ണം | കോഴ്സ് |
|---|---|---|---|---|
| 1 | എൽ.ബി.എസ് | തിരുവനന്തപുരം | 50 | ഡി.സി.എ. |
| | | എറണാകുളം | 50 | പി.ജി.ഡി.സി.എ. |
| | | കോഴിക്കോട് | 50 | പി.ജി.ഡി.സി.എ. |

4. <u>ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്</u>

ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഗ്രാന്റ് നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം തൊഴിലാളികളുടെ 8,9,10 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 600/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നു. ഈ ഗ്രാന്റിനുള്ള അപേക്ഷ എല്ലാ വർഷവും ജൂലൈ മാസം 31 -നകം ലഭിച്ചിരിക്കേണ്ടതാണ്.

5. <u>ഐ.ടി.ഐ പരിശീലന പദ്ധതി</u>

ഈ പദ്ധതി പ്രകാരം വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് കേരളത്തിലെ 11 ഗവൺമെന്റ് ഐ.ടി.ഐ കളിലെ 12 ട്രേഡുകളിലായി 240

സീറ്റുകളിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 300/-രൂപ വീതം സ്റ്റൈപൻറ് അനുവദിക്കുന്നതാണ്. ആകെ സീറ്റിന്റെ 20% എസ്.സി/എസ്.ടി വിഭാഗത്തിന് സംവരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | ഐ.റ്റി.ഐ | ട്രേഡ് | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | ധനുവച്ചപുരം | വയർമാൻ | 20 |
| 2 | തിരുവനന്തപുരം | ടർണർ | 20 |
| 3 | കൊല്ലം | മെക്കാനിക്ക് (ഡീസൽ) | 20 |
| 4 | ചെങ്ങന്നൂർ | മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ) | 20 |
| 5 | ഏറ്റുമാനൂർ | ഫിറ്റർ<br>വെൽഡർ | 20 |
| 6 | കളമശ്ശേരി | ഫിറ്റർ | 20 |
| 7 | ചാലക്കുടി | മെക്കാനിക്ക് | 20 |
| 8 | പാലക്കാട് | ഇലക്ട്രീഷ്യൻ | 20 |
| 9 | മലപ്പുറം | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 20 |
| 10 | കോഴിക്കോട് | മെക്കാനിക്ക് (റെഫ്രിജറേഷൻ &എയർ കണ്ടീഷനിംഗ് | 20 |

| | | | |
|---|---|---|---|
| 11 | കണ്ണൂർ | മെക്കാനിക്ക് (ഇലക്ട്രോണിക്സ്) | 20 |
| ആകെ | | | 240 |

6. <u>മെഡിക്കൽ എഞ്ചിനിയറിംഗ് പരിശീലനത്തിന് സഹായം</u>

സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന കൂടുതൽ മാർക്ക് (+1, +2) നേടിയ ഓരോ ജില്ലയിലേയും രണ്ട് അപേക്ഷകർക്ക് 5000/- രൂപ ധനസഹായം നൽകുന്നു.

7.<u>സിവിൽ സർവീസ് പരിശീലന പദ്ധതി</u>

കേരള സിവിൽ സർവീസ് അക്കാദമിയിലും കിലെ സിവിൽ സർവീസ് അക്കാദമിയിലും പരിശീലനം നടത്തുന്ന കുട്ടികൾക്ക് പ്രതിവർഷം പരിശീലന ഫീസിന്റെ 50 ശതമാനം സ്കോളർഷിപ്പായി നൽകുന്നു.

## Vi. <u>കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സഹായങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവിധ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>വിദ്യാഭ്യാസ സ്കോളർഷിപ്പ്</u>

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ പ്ലസ് ടു മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന മക്കൾക്ക് യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ (50%) അടിസ്ഥാനത്തിൽ 1000/- രൂപ മുതൽ 6000/- രൂപ വരെയും, മെറിറ്റിൽ

പ്രവേശനം നേടിയ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പം, ബോർഡ് തീരുമാനപ്രകാരം ഓരോ വിദ്യാർത്ഥികൾക്കും 1 ഗ്രാം സ്വർണ്ണ നാണയവും നൽകി വരുന്നു.

2 .കലാ-കായിക-ശാസ്ത്ര സ്കോളർഷിപ്പ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ കലാ-കായിക-ശാസ്ത്ര രംഗത്ത് സംസ്ഥാനതലത്തിലും, സർവ്വകലാശാലാതലത്തിലും ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 5000/- രൂപയും, രണ്ടാം സ്ഥാനം നേടുന്നവർക്ക് 3000/- രൂപയും, മൂന്നാം സ്ഥാനം നേടുന്നവർക്ക് 1000/- രൂപയും സ്കോളർഷിപ്പ് ഇനത്തിൽ അനുവദിക്കുന്നു.

3. വിദ്യാഭ്യാസത്തിനുള്ള വായ്പ

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് പി.എഫ് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയുടെ 75% വരെ തിരിച്ചടവുള്ള വായ്പയായി അനുവദിക്കുന്നു.

## VII.കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ രണ്ട് വർഷക്കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റിന് അർഹതയുണ്ടായിരിക്കുന്നതാണ്. താഴെപ്പറയുന്ന കോഴ്സുകളുടെ യോഗ്യതാ പരീക്ഷയിൽ 50 ശതമാനം മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| പ്ലസ് ടു/ ഐ.ടി.ഐ | 500/- രൂപ |
| പോളിടെക്നിക്ക്/ഡിപ്ലോമ കോഴ്സുകൾ/ടി.ടി.സി | 750/- രൂപ |
| ഡിഗ്രി കോഴ്സുകൾ | 1000/- രൂപ |
| പ്രൊഫഷണൽ<br><br>കോഴ്സുകൾ/എഞ്ചിനീയറിംഗ്/മെഡിക്കൽ | 2000/- രൂപ |

## VIII.കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസ സഹായങ്ങളും ആനുകൂല്യങ്ങളും നൽകി വരുന്നു.

(1) വിദ്യാഭ്യാസ വായ്പ : കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമ പദ്ധതിയിലെ ഖണ്ഡിക 59(എ) പ്രകാരം തൊഴിലാളികളുടെ മക്കളിൽ +2 വരെ പഠിക്കുന്ന കുട്ടികൾക്കായി 5,000/- രൂപയോ തൊഴിലാളികളുടെ അക്കൗണ്ടിലെ തുകയുടെ 25 ശതമാനമോ ഏതാണോ കുറവ് ആയത് വിദ്യാഭ്യാസ വായ്പയായി അനുവദിക്കുന്നു. +2 ന് മുകളിൽ പഠിക്കുന്ന കുട്ടികൾക്കായി 25,000/- രൂപയോ തൊഴിലാളിയുടെ അക്കൗണ്ടിലെ തുകയുടെ 25 ശതമാനമോ ഏതാണോ കുറവ്, ടി തുക വിദ്യാഭ്യാസ വായ്പയായി നൽകി വരുന്നു.

(2) സ്കോളർഷിപ്പ് : ബോർഡിൽ നടപ്പിലാക്കിയിട്ടുള്ള സ്കോളർഷിപ്പ് പദ്ധതി പ്രകാരം 8-ാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു. പ്രസ്തുത സ്കോളർഷിപ്പ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ക്ലാസ്സ് | സ്കോളർഷിപ്പ് തുക |
|---|---|---|
| 1 | 8–ാം ക്ലാസ്സ് | 1000 |
| 2 | 9–ാം ക്ലാസ്സ് | 1000 |
| 3 | 10–ാം ക്ലാസ്സ് | 1000 |
| 4 | പ്ലസ് വൺ | 1500 |
| 5 | പ്ലസ് ടു | 1500 |
| 6 | ഡിഗ്രി (3 Year duration) BA/BSc/BCom/BVoc/BSW/BSc Operation Theatre &Anaesthetia/ BSc Agriculture/BTTM/BSc Hotel Management/BSc MLT | 2000 |
| 7 | പി ജി MA/MSc/MCom/MSW/MTTM/MBA/ MCA | 5000 |
| 8 | ഡിപ്ലോമ (Minimum 3 Year Duration) | 2000 |
| 9 | പ്രൊഫഷണൽ ഡിഗ്രി BTech/5 Year BCom LLB/ BHMS/ BAMS/5 Year BBA LLB/BPharm/ BSc Nursing/BArch/BDS/MBBS | 6000 |
| 10 | പ്രൊഫഷണൽ പി ജി MTech/MD | 6000 |
| 11 | പിജിഡിസിഎ/HDC & BM | 1500 |
| 12 | ബി എഡ്/എം എഡ് | 3000 |
| 13 | ജനറൽ നേഴ്സിംഗ് &മിഡ് വൈഫറി | 3000 |
| 14 | ITI/ITC (Minimum 2 year duration) | 1500 |
| 15 | LLB/LLM | 5000 |
| 16 | TTC | 2000 |

| | | |
|---|---|---|
| 17 | BBA/BBM/BCA | 2000 |
| 18 | DPharm/DMLT | 1500 |

(3) ലാപ്പ്ടോപ്പ് നൽകുന്ന പദ്ധതി:

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ/ സർക്കാർ അംഗീകൃത കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് ഒന്നാം വർഷം പ്രവേശനം ലഭിക്കുന്ന ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ലാപ് ടോപ് വാങ്ങി നൽകി വരുന്നു. ഓരോ വർഷവും Kerala/ Central Entrance Examination മുഖേന സർക്കാർ/സർക്കാർ അംഗീകൃത കേരളത്തിലെ കോളേജുകളിൽ MBBS, BTech, M Tech, BAMS, BDS, BVSc & AH, M Arch, B Arch, PG Ayurveda, PG Homeo, BHMS, MD, MDS, MVSc& AH, MBA, MCA, MS കോഴ്സുകൾക്ക് ഒന്നാം വർഷം പ്രവേശനം ലഭിച്ച ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കാണ് ലാപ്ടോപ്പ് നൽകി വരുന്നത്.

## IX.കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിന്നും കേരളത്തിലെ വിവിധ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ ജനറൽ വിഭാഗത്തിന് 50 ശതമാനത്തിന് മുകളിലും എസ്.സി/എസ്.ടി വിഭാഗത്തിന് 40 ശതമാനത്തിനും മുകളിൽ മാർക്കുള്ള എല്ലാവർക്കും സ്കോളർഷിപ്പ് നൽകി വരുന്നു. ഓരോ കോഴ്സുകൾക്കും ഒരു വർഷത്തേയ്ക്ക് സ്കോളർഷിപ്പായി നൽകുന്ന തുക ചുവടെ ചേർക്കുന്നു.

- പ്ലസ് ടു, ഐ.ടി.ഐ (മെട്രിക് കോഴ്സുകൾ), ടി.ടി.സി, ജനറൽ നഴ്സിംഗ്, ഏകവത്സര മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ തുടങ്ങിയ

കോഴ്സുകൾ – 1000/– രൂപ

- ബി.എ, ബി.എസ്.സി, ബി.കോം, പോളിടെക്നിക്ക് ഡിപ്ലോമ, എച്ച്.ഡി.സി, ഓഫ്ത്താൽമിക് അസിസ്റ്റന്റ് (ഡിപ്ലോമ) തുടങ്ങിയ കോഴ്സുകൾ – 1500/– രൂപ
- എം.എ, എം.എസ്.സി, എം.കോം, ബി.എഡ്, മൂന്ന് വർഷ എൽ.എൽ.ബി, എം.ഫിൽ, ബാച്ചിലർ ഓഫ് ലൈബ്രറി സയൻസ് തുടങ്ങിയ കോഴ്സുകൾ – 2000/– രൂപ
- മെഡിസിൻ, എഞ്ചിനീയറിംഗ്, വെറ്ററിനറി, കൃഷി തുടങ്ങിയ പ്രൊഫഷണൽ ബിരുദ കോഴ്സുകൾ, പഞ്ചവൽസര എൽ.എൽ.ബി, ബിഫാം, എം.ബി.എ, എം.ടെക്, ബി.എസ്.സി (നഴ്സിംഗ്), എം.സി.എ തുടങ്ങിയ കോഴ്സുകൾ – 3000/– രൂപ
- പി.എച്ച്.ഡി – 5000/–

കൂടാതെ ഈ ബോർഡിൽ നിന്നും ക്ഷേമനിധി അംഗങ്ങളുടെ കുട്ടികളിൽ സംസ്ഥാന തലത്തിൽ ഓരോ വർഷവും എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ+ നേടി വിജയിച്ച വിദ്യാർത്ഥികൾക്കും യഥാക്രമം 1500/– രൂപ വീതവും, 9 എ+ ഉം 1 എ–യും നേടി വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും 1200/– രൂപ വീതവും, പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ (6 എ+) നേടി വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും 2000/– രൂപ വീതവും, ബി.എ, ബി.എസ്.സി, ബി.കോം കോഴ്സുകളിൽ ഓരോ വിഷയത്തിനും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഓരോരുത്തർക്കും 3000/– രൂപ വീതവും, പിജി/പ്രൊഫഷണൽ കോഴ്സുകളിൽ ഓരോ വിഷയത്തിനും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഓരോരുത്തർക്കും 5000/– രൂപ വീതവും ക്യാഷ് അവാർഡ് നൽകി വരുന്നു.

## X. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഈ ക്ഷേമനിധിയിൽ നിന്ന് വിദ്യാഭ്യാസ ധനസഹായവും, എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും A+ നേടിയ മുഴുവൻ കുട്ടികൾക്കും പാരിതോഷികവും (സ്വർണ്ണപ്പതക്കം) നൽകുന്നു.

ഹൈസ്കൂൾതലം മുതൽ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കോഴ്സിന്റെ പേര് | ഓരോ അദ്ധ്യയന വർഷത്തിലും നൽകിവരുന്ന തുക |
|---|---|---|
| 1 | ഹൈസ്കൂൾ വിദ്യാഭ്യാസം VIII, IX, X | 500 |
| 2 | ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി | 750 |
| 3 | ടി.ടി.സി, ഐടി.ഐ | 750 |
| 4 | ഡിപ്ലോമ കോഴ്സ്: പോളിടെക്നിക്ക്, കമ്പ്യൂട്ടർ സയൻസ്, പാരാമെഡിക്കൽ സയൻസ്, ഡി.എസ്.ഡബ്ല്യു, ഡി.എസ്.എസ് | 1000 |
| 5 | ഡിഗ്രി കോഴ്സ്: ബി.എ, ബി.കോം, ബി.എസ്.സി, ബി.സി.എ, ബി.ബി.എ, ബി.ബി.എം | 1000 |
| 6 | ബിരുദാനന്തര ബിരുദം: എം.എ, എം.എസ്.സി, എം.കോം, എം.എസ്.ഡബ്ല്യു, എം.ബി.എ, എം.സി.എ | 1500 |
| 7 | ബി.എഡ് കോഴ്സ് | 1000 |

| | | |
|---|---|---|
| 8 (a) | പ്രൊഫഷണൽ കോഴ്സ് – എം.ബി.ബി.എസ്, എഞ്ചിനീയറിംഗ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.ഡി.എസ്, ബി.എസ്.സി(അഗ്രിക്കൾച്ചർ), ബി.വി.എസ്.സി | 5000 |
| (b) | എൽ.എൽ.ബി, ബി.എസ്.സി (നഴ്സിംഗ്) | 2000 |

## XI. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

24/12/2019-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.142/2019 തൊഴിൽ എന്ന ഉത്തരവ് പ്രകാരം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി-യ്ക്ക് മുഴുവൻ എ പ്ലസ് വാങ്ങുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ പ്ലസ് 1, പ്ലസ് 2 പഠനത്തിന്റെ രണ്ട് വർഷക്കാലം 1000/- രൂപ വീതം (പ്രതിവർഷം) വിദ്യാഭ്യാസ ധനസഹായമായി നൽകി വരുന്നു. കൂടാതെ 18/06/1999-ലെ സ ഉ(എം എസ്).70/99/തൊഴിൽ എന്ന ഉത്തരവ് പ്രകാരം അംഗീകരിച്ച കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അദ്ധ്യായം 3 ഖണ്ഡിക 15 പ്രകാരം കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ് - (1) അംഗങ്ങളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി അംഗത്തിന്റെ ക്രെഡിറ്റിലുള്ള തുകയുടെ 80% വരെയുള്ള തുക തിരിച്ചടയ്ക്കേണ്ടതില്ലാത്ത തുകയായി അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള അംഗത്തിന്റെ അപേക്ഷയിന്മേൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള

ഏതെങ്കിലും ഉദ്യോഗസ്ഥനോ ബോർഡിന്റെ അംഗീകാരത്തോടെ അനുവദിക്കാവുന്നതാണ്. തുകയുടെ വിശദവിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു. ഉന്നത പഠനത്തിൽ തോറ്റുപോയവർക്ക് തുടർന്ന് ഇത്തരം ധനസഹായം നൽകുന്നതല്ല

| കോഴ്സ് | പരമാവധി തുക |
|---|---|
| പ്ളസ് ടു | 1000/- രൂപ |
| നഴ്സിംഗ് | 1000/- രൂപ |
| ഐ.റ്റി.സി/ഐ.റ്റി.ഐ | 1000/- രൂപ |
| ഡിപ്ലോമ കോഴ്സുകൾ | 1000/- രൂപ |
| ഡിഗ്രി കോഴ്സുകൾ | 2000/- രൂപ |
| പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ | 3000/- രൂപ |
| പ്രൊഫഷണൽ കോഴ്സുകൾ | 5000/- രൂപ |

(2) നിധിയിൽ ഒരു വർഷത്തിൽ കുറയാത്ത അംഗത്വമുള്ളവർക്കു മാത്രമേ ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

## XII.കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ധനസഹായങ്ങളും, ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| SSLC പരീക്ഷയിൽ FULL A+ ലഭിക്കുന്ന കുട്ടികൾക്ക് | 500/- |
| PLUS TWO പരീക്ഷയിൽ FULL A+ ലഭിക്കുന്ന കുട്ടികൾക്ക് | 400/- |
| മെറിറ്റിൽ അഡ്മിഷൻ ലഭിച്ചവർക്കുള്ള സ്കോളർഷിപ്പ്: DEGREE, TTC - 3 years, ITI, Polytechnic, General Nursing | 600/- രൂപ വീതം |
| BEd, PG course, BSc.Nursing, Paramedical course | 750/- രൂപ വീതം |
| LLB (3-5 years) | 1000/- രൂപ വീതം |
| B.Tech, MBBS, BHMS കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് | 2000/- രൂപ വീതം |

## XIII.കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ സഹായങ്ങൾ ചുവടെ ചേർക്കുന്നു.

- റ്റി.റ്റി.സി, എസ്.എസ്.എൽ.സി-യ്ക്ക് ശേഷമുള്ള കമ്പ്യൂട്ടർ കോഴ്സുകൾ, പ്ലസ് വൺ, പ്ലസ് ടു, പി.ജി.ഡി.സി.എ, വി.എച്ച്.എസ്.ഇ, സർക്കാർ അംഗീകൃത എസ്.എസ്.എൽ.സി അടിസ്ഥാന യോഗ്യതയുള്ള രണ്ട് വർഷം വരെ ദൈർഘ്യമുള്ള കോഴ്സുകൾക്ക് 1000/- രൂപ.
- പ്ലസ് ടു അടിസ്ഥാന യോഗ്യതയുള്ള മൂന്ന് വർഷം വരെ ദൈർഘ്യമുള്ള ബിരുദം, ഡിപ്ലോമ, നഴ്സിംഗ്, പാരാമെഡിക്കൽ, ടെക്നിക്കൽ കോഴ്സുകൾക്ക്

1250/- രൂപ.

- പോളിടെക്നിക്ക്, ബിരുദം അടിസ്ഥാന യോഗ്യതയുള്ള ബിരുദാനന്തര ബിരുദ കോഴ്സുകൾ, മറ്റ് മൂന്ന് വർഷം വരെ ദൈർഘ്യമുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് 1750/- രൂപ.
- എഞ്ചിനീയറിംഗ്, മെഡിക്കൽ, അഗ്രിക്കൾച്ചർ, വെറ്റിനറി, നാല് വർഷത്തിൽ കൂടുതൽ ദൈർഘ്യമുള്ള പ്രൊഫഷണൽ കോഴ്സുകൾ 2750/- രൂപ.
- പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് 3000/- രൂപ
- എസ്.എസ്.എൽ.സി-യ്ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്ക് ക്യാഷ് അവാർഡ് 1250/- രൂപ.

## XIV. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്

### i.അൺ-അറ്റാച്ച്ഡ് വിഭാഗം

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായങ്ങളും, ആനുകൂല്യങ്ങളും താഴെ പറയും പ്രകാരം അനുവദിച്ചു വരുന്നു.

| | | |
|---|---|---|
| 1. | പഠിക്കുന്ന കുട്ടികളുള്ള തൊഴിലാളികൾക്ക് വിദ്യാഭ്യാസ ധനസഹായം - പ്രതിവർഷം | 1,000/- രൂപ |
| 2. | സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികളുള്ള തൊഴിലാളികൾക്ക്-പ്രതിവർഷം | 2,500/- രൂപ |
| 3. | അവാർഡ് ഓഫ് സ്കോളർഷിപ്പ് - പ്ലാൻ 1989<br>അഞ്ചാം ക്ലാസ് മുതൽ പ്രൊഫഷണൽ വിദ്യാഭ്യാസം വരെ | 450/- രൂപ മുതൽ 10,000/- രൂപ വരെ |

| | | |
|---|---|---|
| 4. | വിദ്യാഭ്യാസ വായ്പ - മെഡിക്കൽ /എഞ്ചിനീയറിംഗ്, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് | 50,000/- രൂപ വരെ |
| 5. | എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫുൾ A+ നേടിയ തൊഴിലാളികളുടെ മക്കൾക്ക് ക്യാഷ് അവാർഡ് | 7,500/- രൂപ |
| 6. | +2 പരീക്ഷയിൽ ഫുൾ A+ നേടിയ തൊഴിലാളികളുടെ മക്കൾക്ക് ക്യാഷ് അവാർഡ് | 10,000/- രൂപ |

7. <u>പ്രതിമാസ സ്കോളർഷിപ്പ്</u> - എസ്.എസ്.എൽ.സിക്ക് ഫുൾ A+ നേടിയ കുട്ടികൾക്ക് +1, +2 പഠനം പൂർത്തിയാക്കുന്നതിനു വേണ്ടി പ്രതിമാസം 400/- രൂപ നിരക്കിൽ 2 വർഷത്തേയ്ക്ക് 8000/- രൂപ (4000x2) അനുവദിച്ചു വരുന്നു.

8. <u>സ്കൂൾ കിറ്റ്</u> - 2022 ൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം നേടിയ കുട്ടികൾക്ക് 1 കിറ്റിന് 896/- രൂപ നിരക്കിൽ 60,91,008/- രൂപയുടെ 6798 പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

- 2023 ൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം നേടിയ 4271 കുട്ടികൾക്ക് 1 കിറ്റിന് 998/- രൂപ നിരക്കിൽ പഠനോപകരണ കിറ്റുകളും 4116 കുട്ടികൾക്ക് ആയതിന് തത്തുല്യമായ തുകയും (ആകെ 83,69,841/- രൂപ) അനുവദിച്ചു വിതരണം ചെയ്തിട്ടുണ്ട്.
- 2024 ൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം നേടിയ 8908 കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് 1000/- രൂപ നിരക്കിൽ (ആകെ 89,08,000/- രൂപ) വിതരണം ചെയ്യുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമായിട്ടുണ്ട്.

9. <u>ലാപ്ടോപ് –</u> കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ വിവിധ കമ്മിറ്റികളുടെ കീഴിലുള്ള അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ മക്കളിൽ സമ്പൂർണ്ണമായും കേരള സർക്കാർ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ MBBS, BDS, BAMS, BVS, B.Tech, M.Tech എന്നീ കോഴ്സുകളിൽ പ്രവേശനം നേടിയ അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിച്ചു വരുന്നു.

<u>ii.സ്കാറ്റേർഡ് വിഭാഗം</u>

1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി അദ്ധ്യായം 5 ഖണ്ഡിക 15 ഉപ ഖണ്ഡിക 4 (എ) പ്രകാരം അംശദായ തുക നിധിയിലേയ്ക്ക് കൃത്യമായി അടവ് വരുത്തിയ തൊഴിലാളികളുടെ 10 -ആം സ്റ്റാൻഡേർഡ് മുതലുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായ മക്കൾക്ക് കോഴ്സിന്റെ സ്വഭാവമനുസരിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം നൽകിവരുന്നു;

1) SSLC പാസ്സായ കുട്ടികൾക്ക് 400/- രൂപ

2) +2 പാസായ കുട്ടികൾക്ക് 600/- രൂപ

3) ഡിഗ്രി പാസായ കുട്ടികൾക്ക് 800/- രൂപ

4) ഉപ ഖണ്ഡിക 4 (ബി) പ്രകാരം എഞ്ചിനീയറിംഗ്, മെഡിക്കൽ, ആയുർവേദം, കൃഷി തുടങ്ങിയ പ്രോഫെഷണൽ ഡിഗ്രി മാസ്റ്റർ കോഴ്സുകൾക്ക് അംഗീകൃത കോളേജുകളിൽ പഠനം നടത്തുന്ന ഒരു വിദ്യാർത്ഥിക്ക് 2000/- രൂപ വരെയുള്ള സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ നൽകുന്നതാണ്.

## XV.കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സഹായങ്ങളും ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.

| വിദ്യാഭ്യാസ ആനുകൂല്യങ്ങൾ | |
|---|---|
| എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷ | എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് ലഭിച്ച എല്ലാ കുട്ടികൾക്കും 2000/- രൂപ വീതം ക്യാഷ് അവാർഡ് |
| പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾ | എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കും പ്ലസ് വൺ, പ്ലസ് ടു അദ്ധ്യയന വർഷങ്ങളിലും 2000/- രൂപ നിരക്കിൽ സ്കോളർഷിപ്പ് |
| ITI/ITC/General Nursing | ഈ കോഴ്സുകളുടെ യോഗ്യതാ പരീക്ഷയ്ക്ക് ഏത് അപേക്ഷകനാണോ കൂടുതൽ എ+, എ, ബി+ ഗ്രേഡുകൾ ലഭിച്ചിട്ടുള്ളത് എന്ന് കണക്കാക്കി മുൻഗണന പ്രകാരം ഒരു ജില്ലയിൽ രണ്ട് വിദ്യാർത്ഥികൾ എന്ന കണക്കിൽ ഓരോ അദ്ധ്യയന വർഷത്തിലും 2000/- രൂപ വീതം സ്കോളർഷിപ്പ് |

| | |
|---|---|
| | |
| ബിരുദ കോഴ്സുകൾ<br>ബി.എ, ബി.എസ്.സി, ബി.കോം, ബി.ബി.എ, ബി.എഡ് തത്തുല്യ കോഴ്സുകൾ | ഓരോ ജില്ലയിൽ നിന്നും രണ്ട് വിദ്യാർത്ഥികൾക്ക് വീതം കോഴ്സിലെ ഓരോ അദ്ധ്യയന വർഷത്തിലും പ്രതിവർഷം 2000/– രൂപ വീതം സ്കോളർഷിപ്പ്. |
| ബിരുദാനന്തര ബിരുദ കോഴ്സുകൾ<br>എം.എ, എം.എസ്.സി.എം.കോം, തത്തുല്യ കോഴ്സുകൾ | ഓരോ ജില്ലയിൽ നിന്നും രണ്ട് വിദ്യാർത്ഥികൾക്ക് വീതം കോഴ്സിലെ ഓരോ അദ്ധ്യയന വർഷത്തിലും പ്രതിവർഷം 4000/– രൂപ വീതം സ്കോളർഷിപ്പ്. |
| പ്രൊഫഷണൽ കോഴ്സുകൾ<br>(എ) എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.എസ്.സി(അഗ്രിക്കൾച്ചർ), ബി.വി.എസ്.സി, തത്തുല്യ തൊഴിലധിഷ്ഠിത കോഴ്സുകൾ | ഓരോ ജില്ലയിൽ നിന്നും രണ്ട് വിദ്യാർത്ഥികൾക്ക് വീതം കോഴ്സിലെ ഓരോ അദ്ധ്യയന വർഷത്തിലും പ്രതിവർഷം 8000/– രൂപ വീതം സ്കോളർഷിപ്പ്. |
| (ബി) പോളിടെക്നിക്ക്, ഡി.എച്ച്.എം.എസ്, എൽ.എൽ.ബി,(5 വർഷവും, 3 വർഷവും) എം.ബി.എ, ബി.എസ്.സി (നഴ്സിംഗ്), ബി.ഫാം, എം.സി.എ, എൽ.എൽ.എം, എം.എസ്.ഡബ്ല്യൂ, ബി.കോം | ഓരോ ജില്ലയിൽ നിന്നും രണ്ട് വിദ്യാർത്ഥികൾക്ക് വീതം കോഴ്സിലെ ഓരോ അദ്ധ്യയന വർഷത്തിലും പ്രതിവർഷം 6000/– രൂപ വീതം സ്കോളർഷിപ്പ്. |

| | |
|---|---|
| ടൂറിസം &ഹോസ്പിറ്റാലിറ്റി, ബി.എസ്.സി (എം.എൽ.റ്റി), തത്തുല്യമായ തൊഴിലധിഷ്ഠിത കോഴ്സുകൾ | |

## XVI.കേരള ബീഡി -ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നില്ല.

സെക്ഷൻ ഓഫീസർ